പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1881 12.02.2013- ൽ മറുപടിക്ക്

കടൽക്കൊള്ളക്കാരുടെ തടവിലായ മലയാളികളുടെ മോചനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>*(മുഖ്യമന്ത്രി)* |
| (എ) 10 മാസം മുമ്പ് ഒമാൻ നിയന്ത്രണത്തിലുള്ള 'റോയൽ ഓയിസ്റ്റർ' എന്ന കപ്പൽ സൊമാലിയൻ കടൽക്കൊള്ളക്കാർ റാഞ്ചിയതിനെതുടർന്ന് അവരുടെ തടവിലായ അഞ്ചുമലയാളികളെ മോചിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) എം. റ്റി. റോയൽ ഗ്രേസ് എന്ന ഓയിൽ ടാങ്കർ കപ്പൽ സോമാലിയൻ കടൽകൊള്ളക്കാർ തട്ടിക്കൊണ്ടുപോയതായും ബന്ധികളായവരിൽ മലയാളികളായ ശ്രീ. ഡിബിൻ ഡേവിസ്, ശ്രീ. സ്റ്റാൻലി വിൻസന്റ്, ശ്രീ. മനീഷ് മോഹൻ, ശ്രീ. അർജുൻ, ശ്രീ. കെ.സി. മിഥുൻ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടെന്നും സർക്കാരിന് വിവരം ലഭിച്ചു. 24/03/2012 - ൽ തന്നെ കേരള മുഖ്യമന്ത്രി ബഹു: കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അടിയന്തിര നടപടിയ്ക്കായി സന്ദേശം അയച്ചു. കൂടാതെ 27/03/2012 - ൽ നോർക്ക വകുപ്പിൽ നിന്ന് വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കത്ത് യു. എ. ഇ - യിലെ ഇന്ത്യൻ അംബാസഡർക്കും, ഷിപ്പിംഗ് ഡയറക്ടർ ജനറലിനും അയച്ചു. 06/06/2012 - ൽ ഈ വകുപ്പിന്റെ കത്ത് പ്രകാരം കേന്ദ്ര വിദേശകാര്യ മന്ത്രാലയ സെക്രട്ടറിക്കും ഷിപ്പിംഗ് ഡയറക്ടർ ജനറലിനും നടപടികൾ ഊർജ്ജിതമാക്കുന്നതിനായി കുടുംബങ്ങൾ അനുഭവിക്കുന്ന തീവ്രവേദന ചൂണ്ടികാണിച്ചുകൊണ്ട് സന്ദേശം അയച്ചിട്ടുണ്ട്. പ്രത്യേക സന്ദേശങ്ങൾ അയച്ചതുകൂടാതെ മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തു. ഏറ്റവും അവസാനമായി പ്രസ്തുത മലയാളികളുടെ ജീവനു ഭീഷണി നേരിടുന്നുവെന്നും കൊള്ളക്കാർ അന്ത്യശാസനം പുറപ്പെടുവിച്ചിട്ടുണ്ട് എന്നും ഉള്ള പത്രവാർത്തകളും പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാറിനെ അറിയിച്ച കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) 09/04/2012 - ൽ ബഹു: കേന്ദ്ര വിദേശകാര്യ മന്ത്രി, കേരള മുഖ്യമന്ത്രിക്ക് തന്ന മറുപടിയിൽ സാധ്യമായ എല്ലാ നടപടികളും സത്വരമായി സ്വീകരിക്കാൻ ദുബായ് കോൺസുൽ ജനറലിനോടും മറ്റ് ബന്ധപ്പെട്ട അധികാരികളോടും നിർദ്ദേശം നൽകിയിട്ടുണ്ട് എന്നറിയിച്ചു. കൂടാതെ ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ ശുഷ്കാന്തി വ്യക്തമാക്കിക്കൊണ്ട് ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിൽ രൂപീകരിച്ച സോമാലിയൻ കടൽകൊള്ളക്കാരുടെ തടവുകാരെ കൈകാര്യം |

ചെയ്യുന്ന പ്രത്യേക ഇന്റർ മിനിസ്റ്റീരിയൽ ഗ്രൂപ്പ്(ഐ എം ജി) -ന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ബഹു: കേന്ദ്ര ഷിപ്പിംഗ് മന്ത്രിക്കും സന്ദേശം നൽകിയിട്ടുണ്ട് എന്നും അറിയിച്ചിരുന്നു. 15/05/2012 - ൽ ഷിപ്പിംഗ് ഡയറക്ടർ ജനറലിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കത്തിൽ പിടിയിലകപ്പെട്ട കപ്പലിന്റെ പേര് വിവരങ്ങളും ഉടമസ്ഥരെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കപ്പലിന്റെ ഇപ്പോഴത്തെ ഉടമസ്ഥരായ നൈജീരിയൻ കമ്പനിയുമായും കപ്പലിന്റെ മാനേജരായ ദുബായിലെ ഓയിസ്റ്റർ കാർഗോ ഷിപ്പിംഗ് കമ്പനിയുമായും ബന്ധപ്പെട്ട് തീവ്രഗതിയിൽ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഷിപ്പിംഗ് ഡയറക്ടർ ജനറൽ അറിയിച്ചു. അന്താരാഷ്ട്ര തലത്തിൽ വിവിധ തലത്തിലുള്ള സഹായവും സേവനങ്ങളും ഇടപെടലും ഉറപ്പുവരുത്തുന്നതിനായി Regional Agreement on Combating Piracy and Armed Robbery Against Ships in Asia(ReCAAP) എന്ന അന്താരാഷ്ട്ര ഏജൻസിക്കുംസന്ദേശം നൽകിയിട്ടുണ്ട്. പനാമ മാരിടൈം അതോറിറ്റിയോടും പ്രത്യേക ഇടപെടൽ നടത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു. പ്രധാനമന്ത്രി മുഖ്യമന്ത്രിയുടെ സന്ദേശത്തിന് നൽകിയ മറുപടിയിൽ കേന്ദ്ര ഗവൺമെന്റിനു സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നൈജീരിയക്കാരായ കപ്പലുടമകളെ ബന്ധപ്പെടുത്തി ഇവരുടെ മോചനത്തിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് നൈജീരിയൻ സർക്കാരിന് പ്രധാനമന്ത്രി കത്തെഴുതിയിട്ടുണ്ട്. മറ്റ് മാർഗ്ഗങ്ങളിലൂടെയും തടവുകാരുടെ മോചനത്തിന് സത്വരമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കടൽകൊള്ളക്കാരുടെമേൽ അവിടുത്തെ ഗവൺമെന്റിന് നിയന്ത്രണം പരിമിതമായതിനാലാണ് നടപടികൾ നീണ്ടുപോകുന്നത്.

സെക്ഷൻ ഓഫീസർ